പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *555 25/10/2011-ലെ മറുപടിക്ക്

## അക്കാദമിക വികസന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അക്കാദമിക് വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | എ) അക്കാദമിക് വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം, ഗ്രേഡിംഗ്, കോളേജ് ക്ലസ്റ്ററുകൾ, സ്കോളേഴ്സ് ഇൻ റസിഡൻസ് പ്രോഗ്രാം (എറുഡേറ്റ്), ഉന്നത വിദ്യാഭ്യാസ നയ രേഖ തയ്യാറാക്കൽ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചുള്ള ഡാറ്റാ ബാങ്ക് തയ്യാറാക്കൽ, ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ്, ടീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ പരീക്ഷാ പരിഷ്കരണം, സർവ്വകലാശാല നിയമ പരിഷ്കരണം എന്നിവ സംബന്ധിച്ച റിപ്പോർട്ടുകളും സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| ബി) ഇതിനായി സെമിനാറുകൾ, വർക്കഷോപ്പുകൾ, കോൺഫറൻസുകൾ എന്നിവ സജീവമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) സെമിനാറുകൾ, വർക്കഷോപ്പുകൾ, കോൺഫറൻസുകൾ എന്നിവ സജീവമായി നടത്തി വരുന്നുണ്ട്. |
| സി) വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ? | സി) സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ